## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1471 — 16.03.2015-ലെ മറുപടിക്ക്

### ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണ കമ്മിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ ;<br><br>(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) & (ബി) | ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 20.08.2014 ലെ സ.ഉ.(സ)1526/14/കൃഷി ഉത്തരവു പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു ഒമ്പതംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. 27.10.2014-ൽ കൂടിയ കമ്മിറ്റിയുടെ ആദ്യ യോഗം ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സർവ്വീസ് സംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കുകയും, പ്രസ്തുത കരട് റിപ്പോർട്ട് 16.02.2015-ൽ കൂടിയ കമ്മിറ്റി ചർച്ച ചെയ്യുകയും ആവശ്യമായ ഭേദഗതികൾ വരുത്തി കരട് റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്ന് മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ?. | (സി) | തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ